ജംഷീദ് വടക്കേകര



# സൈബർ ലോകത്തെ ഇസ്‌ലാമിക ചർച്ചകൾ

**ഇത്** സംവാദങ്ങളുടെ ലോകമാണ്. എന്തും ഏതും വ്യാപകമായി ചർച്ചയാകുന്ന കാലം. ചാനലുകളാണ് ഇതിൽ പ്രധാനം. മുസ്‌ലിം സമൂഹവുമായി ബന്ധപ്പെട്ട പല ചർച്ചകളും ഇസ്‌ലാംവിരുദ്ധങ്ങളായി മാറുന്നു. ഇസ്‌ലാമിനെയും മുസ്‌ലിംകളെയും പ്രതിസ്ഥാനത്ത് നിർത്തിക്കൊണ്ടുള്ള ചർച്ചകൾക്ക് വല്ലാതെ ഇടം കിട്ടുന്നു. ചാനലുകളിൽ മുസ്‌ലിംകളെ പ്രതിനിധീകരിക്കുന്ന മതേതര നാട്യക്കാർ ഇതേ ധർമം മറ്റൊരു രീതിയിൽ നിർവഹിക്കുന്നു. ആരെങ്കിലും നിഷ്പക്ഷമായി കാര്യങ്ങൾ അവതരിപ്പിക്കുകയാണെങ്കിൽ അപ്പോൾതന്നെ അവതാരകൻ ഇടപെട്ട് രംഗം അലങ്കോലമാക്കുകയും ചെയ്യും. ചർച്ചകൾ അവസാനിക്കുമ്പോൾ പ്രേക്ഷകന്റെ മനസ്സിൽ ഒരുപാട് തെറ്റിദ്ധാരണകളും ചോദ്യങ്ങളും ബാക്കിയാകും. പ്രേക്ഷകർക്ക് ചർച്ചയിൽ പങ്കെടുക്കാനാവുകയുമില്ല.

ഈയൊരവസ്ഥയിലാണ് ഇന്റർനെറ്റ് ലോകത്തെ ചർച്ചകൾക്ക് പ്രാധാന്യമേറുന്നത്. ബ്ലോഗുകളാണ് ഇതിൽ പ്രധാനം. ഇസ്‌ലാമിനും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കുമെതിരെ ദുഷ്പ്രചാരണം നടത്തുന്ന ബ്ലോഗുകളുണ്ട്. യുക്തിവാദികളും മുസ്‌ലിം നാമധാരികളായ ഇസ്‌ലാംവിരുദ്ധ എഴുത്തുകാരും അതിൽ യഥേഷ്ടം എഴുതിവിടുന്നു. ഇതിനെതിരിൽ പ്രതികരിക്കുകയും യുക്തിഭദ്രമായ മറുപടികൾ നൽകുകയും ചെയ്യുന്ന ബ്ലോഗുകൾ തീരെ കുറവാണ്. അതുകൊണ്ട് ഇന്ന് ലോകത്ത് വലിയൊരു വിഭാഗം ആശ്രയിക്കുന്ന ഇന്റർനെറ്റിൽ നിഷ്പക്ഷ ഇസ്‌ലാമിക വായനക്കായി പുറപ്പെടുന്ന ഒരാൾ ചെന്നെത്തുക ഇതുപോലുള്ള ഇസ്‌ലാംവിരുദ്ധ സൈറ്റുകളിലും ബ്ലോഗുകളിലുമായിരിക്കും.

ഇസ്‌ലാംവിരുദ്ധ പ്രചാരണങ്ങളുമായി എതിരാളികൾ മുന്നോട്ടുപോകുമ്പോൾ, ഞങ്ങളൊന്നുമറിഞ്ഞില്ലേ എന്ന മട്ടിൽ മുസ്‌ലിം സംഘടനാ നേതാക്കളും പണ്ഡിതന്മാരും പരസ്പരം തെറി പ്രസംഗങ്ങളും ക്ലിപ്പിംഗുകളും സി.ഡി കച്ചവടവുമായി നടക്കുകയാണ്. മിക്ക മത സംഘടനകൾക്കും പ്രസിദ്ധീകരണങ്ങൾക്കും സ്വന്തമായ വെബ് സൈറ്റുകൾ ഉണ്ടെങ്കിലും പലതും നിർജീവങ്ങളോ ഏറെ പിന്നിലോ ആണ്.

ദിനംപ്രതി നൂറുക്കണക്കിന് ബ്ലോഗുകളും ബ്ലോഗർ(blogger)മാരുമാണ് ഉയർന്നുവരുന്നത്. ഇസ്‌ലാമിനെ യഥാർഥ രൂപത്തിൽ പ്രതിനിധീകരിക്കുന്ന സമർഥരായ ബ്ലോഗർമാർ ഉണ്ടാകേണ്ടതുണ്ട്. ശരിയായ അവബോധമില്ലായ്മയോ ഇംഗ്ലീഷിലുള്ള പരിജ്ഞാനക്കുറവോ ആണ് പലരെയും ഇതിൽനിന്നും പിന്തിരിപ്പിക്കുന്നത്. യൂനികോഡ് (unicode) ഉപയോഗിച്ച് മലയാളത്തിൽ തന്നെ ടൈപ്പ് ചെയ്യാനും കാര്യങ്ങൾ അവതരിപ്പിക്കാനും സാധിക്കും എന്നിരിക്കെ ഇതിൽനിന്നും മാറിനിൽക്കേണ്ട സാഹചര്യം എന്താണ്? ഇവർക്ക് ശരിയായ പരിശീലനവും മറ്റും നൽകേണ്ടതുണ്ട്. നിലവിൽ ബ്ലോഗ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ, ഇസ്‌ലാംവിരുദ്ധവും പ്രസ്ഥാനവിരുദ്ധവുമായ ബ്ലോഗ് പോസ്റ്റുകൾക്ക് (Blog Posts) സമയോചിതവും യുക്തവുമായ മറുപടികൾ നൽകാൻ ശ്രദ്ധിക്കണം. എതിരാളികൾ പറയുന്നത് പറഞ്ഞോട്ടെ എന്ന നിലയിൽ അവയെ നിസ്സാരവത്കരിക്കാതെ വിമർശനങ്ങൾക്ക് അക്കമിട്ട് മറുപടി നൽകണം. ഇതുമൂലം, ഒരു വിമർശനം കാണുമ്പോൾ അതിന്റെ സത്യാവസ്ഥ മനസ്സിലാക്കാൻ റഫറൻസ് ഗ്രന്ഥങ്ങളും ഉദ്ധരണികളും തേടി നെട്ടോട്ടം ഓടുന്നത് ഒഴിവാക്കാം. മിക്ക ബ്ലോഗുകളിലും അതിൽ തന്നെ അഭിപ്രായങ്ങൾ (comments) പറയാനുള്ള സൗകര്യമോ ചർച്ചക്കുള്ള വേദിയോ ഉണ്ടായിരിക്കും. ഇവക്ക് അവിടെ തന്നെ മറുപടി പറയാൻ ശ്രദ്ധിക്കണം. ബ്ലോഗ് നിർമാണത്തിനാവശ്യമായ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുകയും അതിനായി പ്രവർത്തകരെ യോഗ്യരാക്കുകയും വേണം.

വിദ്യാർഥികൾക്കും യുവാക്കൾക്കുമിടയിൽ ഹരമായി പടർന്നുകയറിയ സോഷ്യൽ നെറ്റ്‌വർക്കുകളാണ് ഫേസ് ബുക്കും (facebook.com) ഓർക്കൂട്ടും (orkut.com). മിക്കവരും ഈ നെറ്റ്‌വർക്കിൽ അംഗങ്ങളാണെങ്കിലും ഇവയെ ഇസ്‌ലാമികമായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. ഈയിടെ ഫേസ് ബുക്കിൽ 'മുഹമ്മദ് നബിയെ വരക്കൂ' എന്ന കാമ്പയിൻ നടന്നപ്പോൾ അതിനെതിരെ ദുർബല പ്രതിഷേധങ്ങളേ ഉയർന്നുള്ളൂ. പ്രവാചകന്റെ സ്വഭാവമേന്മകളെയും പ്രവർത്തനങ്ങളെയും കുറിച്ച ശക്തമായ പോസ്റ്റിംഗുകൾ ഒന്നും കണ്ടില്ല. ഇസ്‌ലാമിനെ പരിചയപ്പെടുത്താനുള്ള നല്ലൊരു വേദിയാക്കണം ഫേസ് ബുക്കിനെ.

ഏറ്റവും കൂടുതൽ സന്ദർശിക്കപ്പെടുന്ന വെബ് സൈറ്റുകളിൽ ഒന്നാണ് യൂട്യൂബ് (youtube.com). ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നതും വിമർശിക്കുന്നതും പരിഹസിക്കുന്നതുമായ ഒട്ടനവധി വീഡിയോകൾ യൂട്യൂബിൽ ലഭ്യമാണ്. ഓരോ വീഡിയോക്കും ശേഷം അവയെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്താനുള്ള സൗകര്യം ഉണ്ട്. അതിന് യൂട്യൂബിൽ സൗജന്യമായി രജിസ്റ്റർ ചെയ്യണം എന്നു മാത്രം. മുസ്‌ലിംകൾക്കും പ്രവാചകനുമെതിരെ കടുത്ത എതിർപ്പുകളും പരിഹാസങ്ങളും നിറഞ്ഞ വീഡിയോകളും ഇതിൽ കാണാം. ഇസ്‌ലാമിനെ വസ്തുനിഷ്ഠമായി അവതരിപ്പിക്കുന്ന പോസ്റ്റുകൾ കാണാനുമില്ല. വീഡിയോകൾ കണ്ട ശേഷം അവയെ നിസ്സാരമായി കാണാതെ നമ്മുടേതായ അഭിപ്രായങ്ങളും നിർദേശങ്ങളും രേഖപ്പെടുത്തണം. ഇസ്‌ലാമിനെ സംബന്ധിക്കുന്ന കൂടുതൽ വീഡിയോകൾ ഇവിടെ അപ്‌ലോഡ് ചെയ്യുകയും വേണം.

ഈ മേഖലയിൽ കൂട്ടായ പ്രവർത്തനങ്ങൾ ഉണ്ടാവണം. അതിനൊരു വേദി രൂപവത്കരിക്കുന്നത് ഉചിതമാകും. ■

jamsheedbm@yahoo.in